പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6471

01.11.2011- ൽ മറുപടിക്ക്

## ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ കയർ വകുപ്പ് സ്വീകരിക്കുമോ; | (എ) കയർ പിരി മേഖലയും, തൊണ്ട് സംഭരണവും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പൊസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം പരമ്പരാഗത തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കയർ മേഖലയെ ശക്തിപ്പെടുത്താനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഇപ്പോൾ കയർ പിരി മേഖലയിൽ നൽകി വരുന്ന 150 രൂപ കൂലി വരുമാന ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 210 രൂപയായി വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലാണ്<br>• കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് |

<table>
<tr>
<td></td>
<td>സംഭരണത്തിന്റ ചുമതല മിനി ഡീഫൈബറിംഗ് മെഷീൻ നൽകിയ കയർ സഹകരണ സംഘങ്ങളെ ഏല്പിക്കുന്നതും, തൊണ്ട് സംഭരണത്തിനാവശ്യമായ പ്രവർത്തന മൂലധനം നല്കുന്നതുൾപ്പെടെയുള്ള ഭേദഗതി പ്രൊപ്പോസൽ പരിഗണനയിലാണ്<br>
• തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കികൊണ്ട് ആധുനിക തരത്തിലുള്ള വിവിധ ഇനം കയർ പിരിക്കാവുന്ന ഉല്പാദന ക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു.<br>
• സംഘങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ഗോഡൗൺ, വർക്ക്ഷെഡ്, ടോയിലറ്റ് തുടങ്ങിയവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം അനുവദിച്ചു വരികയാണ്.<br>
• കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വന്ന ക്രയ വില സ്ഥിരത പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി കയറ്റുമതിക്കാരിൽ നിന്നും പരമാവധി ഓർഡറുകൾ സ്വീകരിച്ച് ചെറുകിട ഉല്പാദക സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലും തൊഴിൽ അവസരങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>
• കയർ ഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായ വില നൽകി സംഭരിക്കുകയും ചെയ്ത് വരുന്നു.<br>
• വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴയിലെ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.</td>
</tr>
</table>

| | |
|---|---|
| | • കയറുല്പന്നങ്ങളുടെ വിപണനത്തിന് പൊതുസംവിധാനം എന്ന ലക്ഷ്യത്തോടെ കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന് രൂപം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br>• ഉല്പന്ന മേഖലയിലെ പ്രധാന ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപ കൂലി ഈ മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉറപ്പാക്കി.<br>• 2012 ഓണക്കാലത്ത് 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' പദ്ധതി നടപ്പിലാക്കി<br>• വിനോദ സഞ്ചാരികൾക്കായി കയറിന്റേയും കയറുല്പന്നങ്ങളുടേയും നിർമ്മാണ പ്രക്രിയകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും അതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിട്ടുകൊണ്ട് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി)കയർ തൊഴിലാളി രംഗത്ത് പ്രായപരിധികഴിഞ്ഞിട്ടും അപേക്ഷ സമർപ്പിച്ച ഏതെങ്കിലും തൊഴിലാളിക്ക് പെൻഷൻ അനുവദിക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ; ? | (സി) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാധുവായ അപേക്ഷ സമർപ്പിച്ച എല്ലാ തൊഴിലാളികൾക്കും പെൻഷൻ അനുവദിച്ചു വരുന്നു. |
| (ഡി) എങ്കിൽ അർഹതയുള്ള എല്ലാവർക്കും പെൻഷൻ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ